**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2384 — 14/06/2019 ൽ മറുപടിക്ക്

## പല്ലാരിമംഗലം ഖാദിസൗഭാഗ്യക്ക് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ച് വ്യവസായ (കെ) വകുപ്പ് മുഖാന്തരം ഭരണാനുമതി നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ തുക, വ്യവസായ വകുപ്പ് ഹെഡ് ഓഫ് അക്കൗണ്ട് മാറി നൽകിയതിനെത്തുടർന്ന് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തുക പ്രകാരം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയാൽ തുകയും ഭരണസാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യക്ക് കെട്ടിട നിർമ്മാണത്തിനായി GO(Rt) No.1226/14/ID dated 01/11/2014 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിരുന്നത്. എന്നാൽ യഥാസമയം തുക പിൻവലിക്കാൻ കഴിയാത്തതിനെ തുടർന്ന് 2016-17 സാമ്പത്തിക വർഷം വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്) ചീഫ് എഞ്ചിനിയർ 50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് |

സമർപ്പിച്ചിട്ടുണ്ടായിരുന്നെങ്കിലും മുൻപുണ്ടായിരുന്ന 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 50 ലക്ഷം ആയി വർദ്ധിപ്പിച്ചതിന്റെ സാഹചര്യത്തിൽ അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല. പുതിയ പ്രൊപ്പോസൽ ലഭിച്ചാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ